## ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2014-16)

സുതാര്യ കേരളത്തിൽ നിന്നും ലഭിച്ചിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ സമിതി വിഭാഗത്തെ സംബന്ധിച്ച വിശദാംശങ്ങൾ.

I. നിയമസഭാ സമിതിക്ക് പരാതിപ്പെടുവാനുള്ള നടപടിക്രമം.

(കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 108(2), 109, 110, 111 പ്രകാരം)

1. ഓരോ ഹർജിയും മാന്യവും വിനീതവും മിതവുമായ ഭാഷയിൽ എഴുതിയിരിക്കേണ്ടതാണ്.
2. ഹർജി അയയ്ക്കുന്ന ഓരോ ആളിന്റെയും പൂർണ്ണമായ പേരും മേൽവിലാസവും അതിൽ പറഞ്ഞിരിക്കേണ്ടതും അയാളുടെ കൈയൊപ്പുകൊണ്ടും അയാൾ നിരക്ഷരനാണെങ്കിൽ അയാളുടെ വിരലടയാളം കൊണ്ടും അത് പ്രാമാണീകരിക്കേണ്ടതുമാണ്.
3. ഏതെങ്കിലും ഹർജിയോടൊന്നിച്ച് എഴുത്തുകളോ സത്യവാങ്മൂലമോ മറ്റ് രേഖകളോ ചേർക്കാൻ പാടില്ലാത്തതാകുന്നു.
4. അംഗം ഹാജരാക്കുന്ന ഏതൊരു ഹർജിയിലും അദ്ദേഹം മേലൊപ്പിടേണ്ടതാണ്.
5. ഏതൊരു ഹർജിയും നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതായിരിക്കേണ്ടതും അത് സംബന്ധിക്കുന്ന സംഗതിയെപ്പറ്റി ഹർജിക്കാരന്റെ വ്യക്തമായ ഉദ്ദേശ്യം കാണിച്ചുകൊണ്ടുള്ള അഭ്യർത്ഥനയോടുകൂടി അത് ഉപസംഹരിക്കേണ്ടതുമാകുന്നു.

II. ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ വിലാസം

അദ്ധ്യക്ഷൻ,
ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി,
കേരള നിയമസഭാ സെക്രട്ടേറിയറ്റ്.

III. ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിക്ക് പരാതി നൽകുന്നതിനുമുൻപ് ബന്ധപ്പെട്ട വകുപ്പിന് പരാതി നൽകണമെന്ന് നിർബന്ധമുണ്ടോ?

ഇല്ല.

FCB V/Sk/OL/Napadikram/09.09.15